# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ബഹ്റൈൻ വിദേശകാര്യ മന്ത്രിയുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യ - ബഹ്റൈൻ ബഹുമുഖ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ ചർച്ചയായി.

**External Affairs Minister S. Jaishankar holds telephone conversation with the Foreign Minister of Bahrain. Discusses ways to further strengthen the multifaceted India–Bahrain partnership.**

2. നിയമസഭാ തിരഞ്ഞെടുപ്പ് പൂർത്തിയായ ബിഹാറിൽ സർക്കാർ രൂപീകരണത്തിനുള്ള ചർച്ചകൾ ഊർജ്ജിതം.

**Political parleys gain momentum to form a new government in Bihar.**

3. ഡൽഹി സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ, വഞ്ചനയ്ക്കും വ്യാജരേഖ ചമയ്ക്കലിനും അൽ-ഫലാഹ് സർവകലാശാലയ്ക്കെതിരെ കേസെടുത്ത് ഡൽഹി ക്രൈംബ്രാഞ്ച്. ലാൽ ഖില മെട്രോ സ്റ്റേഷൻ വീണ്ടും തുറന്നു.

**Crime Branch of Delhi Police files two FIRs against Al-Falah University for cheating and forgery. The Lal Qila Metro Station has been reopened.**

**4. കേരളത്തിൽ, മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമല ക്ഷേത്ര നട ഇന്നു വൈകിട്ട് തുറക്കും. വൃശ്ചികപ്പുലരി മുതൽ പൂജകൾ പുതിയ മേൽശാന്തിമാരുടെ നേതൃത്വത്തിൽ.**

**In Kerala, the Sabarimala temple will open this evening for the Mandala Makaravilakku pilgrimage season. From the first day of Vrischikam, the rituals will be conducted under the leadership of the newly appointed Melshanthis.**

**5. പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ നിലവിൽ വന്നതിന്റെ സ്മരണയിൽ ഇന്ന് ദേശീയ പത്ര മാധ്യമ ദിനം.**

**Today is National Press Day, observed in remembrance of the establishment of the Press Council of India.**

**6. ഇറ്റലിയിൽ ഇന്ന് നടക്കുന്ന എടിപി ടെന്നീസ് ഫൈനൽ പോരാട്ടത്തിൽ, കാർലോസ് അൽകാരസ്, യാനിക് സിന്നറെ നേരിടും.**

**Carlos Alcaraz to face Jannik Sinner in ATP Finals in Italy today.**

&&&&&&&&&&&&&&&&&&

**HYD-VICE PRESIDENT**

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് ഹൈദരാബാദ് സന്ദർശിക്കും. ബേഗംപേട്ട് വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹത്തിന് ഊഷ്മള സ്വീകരണം ഒരുക്കിയിട്ടുണ്ട്. വൈകുന്നേരം ഫിലിം സിറ്റിയിൽ നടക്കുന്ന

റാമോജി എക്സലൻസ് അവാർഡ് പരിപാടിയിൽ പങ്കെടുത്തശേഷം ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&

**SHAH NZC MEETING**

ഹരിയാനയിലെ ഫരീദാബാദിൽ നാളെ നടക്കുന്ന നോർത്തേൺ സോണൽ കൗൺസിൽ യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രിമാർ, ഡൽഹി, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലെ ലെഫ്റ്റനന്റ് ഗവർണർമാർ, ചണ്ഡീഗഢ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുമെന്നാണ് സൂചന. 32-ാമത് നോർത്തേൺ സോണൽ കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ഏകോപനം, ജലം പങ്കിടൽ, വികസന പ്രവർത്തനങ്ങൾ എന്നിവ ചർച്ചയാകും.

&&&&&&&&&&&&&&&

**HEADLINE-1**

**JAISHANKAR-BAHRAIN**

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ബഹ്റൈൻ വിദേശകാര്യ മന്ത്രി അബ്ദുല്ലത്തീഫ് ബിൻ റാഷിദ് അൽസയാനിയുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യയും ബഹ്റൈനും തമ്മിലുള്ള ബഹുമുഖ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ ഇരു നേതാക്കളും ചർച്ച ചെയ്തു. നിലവിലെ പ്രാദേശിക, ആഗോള സാഹചര്യങ്ങളെ കുറിച്ച് ഇരുവരും ആശയങ്ങൾ കൈമാറിയതായി ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&

**HEADLINE-2**

**BIHAR ( INTRO )**

***നിയമസഭാ തിരഞ്ഞെടുപ്പ് പൂർത്തിയായ ബിഹാറിൽ പുതിയ സർക്കാർ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതം. സർക്കാർ***

***രൂപീകരണം സംബന്ധിച്ച്, രണ്ട് ദിവസത്തിനുള്ളിൽ അന്തിമ തീരുമാനം ആകുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ ഡോ. ദിലീപ് ജയ്സ്വാൾ അറിയിച്ചു.***

***വിശദാംശങ്ങളിലേക്ക്....***
***( വോയിസ്..... )***

***കേന്ദ്രമന്ത്രിയും ലോക് ജനശക്തി പാർട്ടി അധ്യക്ഷനുമായ ചിരാഗ് പാസ്വാൻ, ഹിന്ദുസ്ഥാനി അവാം മോർച്ച അധ്യക്ഷൻ സന്തോഷ് സുമൻ, എൻഡിഎയിലെ മുതിർന്ന നേതാക്കൾ തുടങ്ങിയവർ ഇന്നലെ പട്നയിൽ ജനതാദൾ യുണൈറ്റഡ് അധ്യക്ഷനും മുഖ്യമന്ത്രിയുമായ നിതീഷ് കുമാറുമായി കൂടിക്കാഴ്ച നടത്തി. സർക്കാർ രൂപീകരണം സംബന്ധിച്ച അനൗപചാരിക ചർച്ചകളാണ് ഇന്നലെ നടന്നത്. ജെഡിയു വർക്കിംഗ് പ്രസിഡന്റ് സഞ്ജയ് ഝാ, കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിങ് എന്നിവർ ഇന്നലെ ന്യൂഡൽഹിയിൽ മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷായുമായും കൂടിക്കാഴ്ച നടത്തി. നാളെ ബിഹാർ മന്ത്രിസഭയുടെ അവസാന യോഗം ചേർന്ന് മന്ത്രിസഭ പിരിച്ചുവിടാൻ ശുപാർശ ചെയ്യുമെന്നാണ് സൂചന. അതിനിടെ ജെഡിയുവിന്റെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട 85 എംഎൽഎമാരെയും പട്നയിലേക്ക് വിളിച്ചു വരുത്തി. നാളെ ചേരുന്ന ജെഡിയു നിയമസഭാ കക്ഷി യോഗത്തിൽ പാർട്ടി അധ്യക്ഷൻ നിതീഷ് കുമാറിനെ നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുക്കും. എൻഡിഎയിലെ അഞ്ച് ഘടകകക്ഷികളും നിയമസഭാ കക്ഷി നേതാക്കളെ തിരഞ്ഞെടുക്കുന്നതിനായി പ്രത്യേകം യോഗങ്ങൾ ചേരും. ന്യൂസ്ഡെസ്ക് ആകാശവാണി....***

&&&&&&&&&&&&&&&

## HEADLINE-3

**DELHI – ALFALAH FIR**

ഡൽഹി ചുവപ്പ്കോട്ട സ്ഫോടനവുമായി ബന്ധമുള്ളവർ ജോലി ചെയ്തിരുന്ന അൽ-ഫലാഹ് സർവകലാശാലയ്ക്കെതിരെ ഡൽഹി ക്രൈംബ്രാഞ്ച് രണ്ട് എഫ്ഐആറുകൾ ഫയൽ ചെയ്തു. വഞ്ചന, വ്യാജരേഖ ചമയ്ക്കൽ എന്നീ വകുപ്പുകളിലാണ് കേസെടുത്തിട്ടുള്ളത്. ഇന്നലെ സർവകലാശാല ഓഫീസ് സന്ദർശിച്ച ഡൽഹി പോലീസ് ചില രേഖകൾ ആവശ്യപ്പെട്ടതായാണ് വിവരം. യുജിസിയും നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ

കൗൺസിലും നടത്തിയ പരിശോധനകളിൽ സർവകലാശാലയിൽ ഗുരുതര ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&

## HEADLINE-3A

### METRO-RED FORT

ഡൽഹിയിലെ ലാൽ ഖില മെട്രോ സ്റ്റേഷൻ വീണ്ടും യാത്രക്കാർക്കായി തുറന്നുകൊടുത്തതായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ അറിയിച്ചു. ചുവപ്പു കോട്ടയ്ക്ക് സമീപം തിങ്കളാഴ്ച ഉണ്ടായ സ്ഫോടനത്തെ തുടർന്ന് ലാൽ ഖില മെട്രോ സ്റ്റേഷൻ അടച്ചിരുന്നു.

&&&&&&&&&&&&&&&

## HEADLINE-5

### NATIONAL PRESS DAY

ഇന്ന് ദേശീയ പത്ര മാധ്യമ ദിനം. 1966- നവംബർ 16 ന് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ നിലവിൽ വന്നതിന്റെ സ്മരണ പുതുക്കുന്നതിനായാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. സ്ഥാപിതമായതുമുതൽ സ്വതന്ത്രവും ധാർമികവും ഉന്നത നിലവാരവുമുള്ള പത്രപ്രവർത്തനം സാധ്യമാക്കുന്നതിനും ബാഹ്യ ഭീഷണികളിൽ നിന്നും മാധ്യമങ്ങളെ സംരക്ഷിക്കുന്നതിനുമാണ് കൗൺസിലിന്റെ പ്രവർത്തനം.

&&&&&&&&&&&&&&&

### SHAH-SARABHA DEATH ANNIVERSARY

സ്വാതന്ത്ര്യ സമര സേനാനി കർത്താർ സിംഗ് സരഭയുടെ ചരമവാർഷിക ദിനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഗദ്ദർ പാർട്ടിയിലൂടെ വിദേശത്തായിരുന്ന ഇന്ത്യക്കാരെയും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പ്രവർത്തിക്കാൻ അദ്ദേഹം പ്രചോദിപ്പിച്ചതായി ശ്രീ അമിത് ഷാ പറഞ്ഞു. കർത്താർ സിംഗ് സരഭയുടെ ത്യാഗം സ്വാതന്ത്ര്യ പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്തിയെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

**Sikkim – Doklam And Cho La**

വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തന്ത്രപ്രധാന മേഖലയായ ദോക്ലാം, ചോ ലാ എന്നിവിടങ്ങൾ ഡിസംബർ 15-ഓടെ വിനോദസഞ്ചാരികൾക്കായി തുറന്നുകൊടുക്കുമെന്ന് സിക്കിം സർക്കാർ. ഇതാദ്യമായാണ്, അതീവ സുരക്ഷാ അതിർത്തി മേഖലകളിലേക്ക് സാധാരണ പൗരന്മാർക്ക് പ്രവേശനം അനുവദിക്കുന്നത്. സന്ദർശനം ആരംഭിച്ചാൽ പ്രത്യേക നിർദ്ദേശങ്ങളോടെ, പരിമിതമായ വാഹനങ്ങൾക്ക് മാത്രമാണ് സർക്കാർ അനുമതി നൽകുക.

&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&

**CEO KERALA SIR**

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള എന്യുമറേഷൻ ഫോം വിതരണം 90.42 ശതമാനം പൂർത്തിയായെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. എന്യുമറേഷൻ ഫോം ലഭിക്കാത്തവർക്കായി പ്രത്യേക യജ്ഞം നടത്തുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&&

**KERALA ELECTION**

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. പത്രിക സമർപ്പണത്തിന്റെ ആദ്യദിനമായ ഇന്നലെ 42 പേർ നാമ നിർദേശ പത്രിക നൽകി. ഈ മാസം 21 വരെയാണ് പത്രികാ നൽകാനാവുക. 1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576

വാർഡുകളിലേക്ക് അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും.

&&&&&&&&&&&&&&&

## LSG MODEL CODE

തദ്ദേശ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും പെരുമാറ്റച്ചട്ടം കർശനമാക്കി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ. മതം, വംശം, ജാതി, സമുദായം, തുടങ്ങിയവയുടെ പേരിൽ സംഘർഷമോ ഭിന്നതയോ ഉണ്ടാക്കുകയോ വോട്ട് ചോദിക്കുകയോ ചെയ്യരുത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനം രാഷ്ട്രീയ പ്രചാരണങ്ങൾക്കോ റാലികൾക്കോ ഉപയോഗിക്കരുത്. പൊതുയോഗങ്ങളുടെ സ്ഥലവും സമയവും മുൻകൂട്ടി പോലീസിനെ അറിയിക്കണം.

&&&&&&&&&&&&&&&

**HEADLINE-4**

**SABARIMALA (INTRO)**

*നാളെ വൃശ്ചികം ഒന്ന്. മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമല ക്ഷേത്ര നട ഇന്നു വൈകിട്ട് തുറക്കും. വൈകിട്ട് ആറോടെ നിയുക്ത മേൽശാന്തിമാരുടെ അഭിഷേകം നടക്കും. തീർത്ഥാടകരെ പമ്പയിൽ നിന്നു സന്നിധാനത്തേയ്ക്ക് കയറ്റിവിട്ടു തുടങ്ങി. പ്രത്യേക ദിനങ്ങളൊഴികെ നാളെ മുതൽ 90,000 പേർക്ക് ദർശനം ലഭ്യമാകും.*

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.*

*(വോയ്സ്)*

&&&&&&&&&&&&&&&

**KALPATHI – PALAKKAD**

പാലക്കാട് കല്പാത്തിയിൽ ഇന്ന് ദേവരഥ സംഗമം. സന്ധ്യയ്ക്ക് അഞ്ചിനും ഏഴിനുമിടക്ക് വിശാലാക്ഷി സമേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിനടുത്തുള്ള തേരുമുട്ടിയിലാണ് ആറ് രഥങ്ങൾ മുഖാമുഖമെത്തുക. രണ്ടാം

തേരുനാളായിരുന്ന ഇന്നലെ പുതിയ കല്പാത്തി മന്തക്കര മഹാഗണപതിയുടെ രഥാരോഹണം നടന്നു.

&&&&&&&&&&&&&&&

**HEADLINE-6**

**TENNIS – ATP FINAL CHAMPIONSHIP**

ഇറ്റലിയിലെ ടൂറിനിൽ ഇന്ന് നടക്കുന്ന എടിപി ടെന്നീസ് ഫൈനൽ പോരാട്ടത്തിൽ, കാർലോസ് അൽകാരസ്, യാനിക് സിന്നറെ നേരിടും. ഇന്ത്യൻ സമയം രാത്രി 10:30 നാണ് മത്സരം. ഈ വർഷത്തെ അൽകാരസിന്റെ 11-ാം ഫൈനൽ മത്സരമാണിത്. ഇതോടെ, 2013 ൽ റാഫേൽ നദാലിനുശേഷം എടിപി ഫൈനലിലെത്തുന്ന ആദ്യ സ്പാനിഷ് കളിക്കാരനായി അദ്ദേഹം.

&&&&&&&&&&&&&&&

**DAY – WORLD BOXING CUP**

ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ബോക്സിംഗ് ലോക കപ്പ് ഫൈനലുകൾക്ക് ഇന്ന് തുടക്കമാകും. ഉച്ചയ്ക്ക് 2:00 മണിക്കാണ് മത്സരങ്ങൾ ആരംഭിക്കുക. തുടർന്ന് വൈകുന്നേരം 6:00 മണിക്ക് ഉദ്ഘാടന ചടങ്ങ് നടക്കും. 18 രാജ്യങ്ങളിൽ നിന്നുള്ള ഏകദേശം 130 ബോക്സർമാർ മത്സരങ്ങളിൽ പങ്കെടുക്കുന്നുണ്ട്. 20 വിഭാഗങ്ങളിൽ ഇന്ത്യൻ താരങ്ങൾ മത്സരിക്കും.

&&&&&&&&&&&&&&&

**CRICKET – IND vs SA**

കൊൽക്കത്തയിൽ നടക്കുന്ന ഇന്ത്യ - ദക്ഷിണാഫ്രിക്ക ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിവസമായ, ഇന്ന് ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ രണ്ടു വിക്കറ്റിന് 32 റൺസ് എന്ന നിലയിലാണ്. ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ 189 റൺസിന് പുറത്തായിരുന്നു.

&&&&&&&&&&&&&&&

**CHH GARH- MAOISTS ENCOUNTER**

ഛത്തീസ്ഗഢിലെ സുക്മ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. പ്രദേശത്ത്, രാവിലെ മുതൽ സുരക്ഷാ സേനയും മാവോയിസ്റ്റുകളും തമ്മിൽ വെടിവയ്പ്പ് ഉണ്ടായിരുന്നു. പ്രദേശത്ത് തിരച്ചിൽ ഊർജ്ജിതമായി തുടരുകയാണ്.

&&&&&&&&&&&&&&&

**DELHI AIR QUALITY**

ഡൽഹിയിൽ അന്തരീക്ഷ മലിനീകരണം അതിരൂക്ഷം. മലിനീകരണ തോത് 'അപകടകരമായ' നിലയിലാണ്. വായു ഗുണനിലവാര സൂചിക ഇന്ന് 400 കടന്നതായി ഡൽഹി മലിനീകരണ നിയന്ത്രണ ബോർഡ് രേഖപ്പെടുത്തി. ശൈത്യകാലം തുടങ്ങിയിട്ടും മലിനീകരണ തോത് കുറയാത്തത് ജനജീവിതം ദുസ്സഹമാക്കിയതായാണ് റിപ്പോർട്ടുകൾ. അതിനിടെ മധ്യ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ശക്തമായ ശീത തരംഗത്തിന് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&